പത്രക്കുറിപ്പ്
14-6-2018

തെരുവുനായ നിയന്ത്രണ പദ്ധതി:
**കുടുംബശ്രീ സംസ്ഥാനതല ഫോട്ടോഗ്രാഫി**
**ലോഗോ രൂപകൽപന മത്സരം സംഘടിപ്പിക്കുന്നു**

തിരുവനന്തപുരം: കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി ഫോട്ടോഗ്രാഫി, ലോഗോ രൂപകൽപന- സംസ്ഥാനതല മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിൽ ആർക്കും പങ്കെടുക്കാം.

ഫോട്ടോഗ്രാഫി മത്സരത്തിന് 'തെരുവുനായപ്രശ്നം' എന്നതാണ് വിഷയം. ഒരാൾ ഒരു എൻട്രി മാത്രമേ അയക്കാവൂ. .jpeg ഫോർമാറ്റിൽ തയ്യാറാക്കിയ ഫോട്ടോകൾ abcphotospem@gmail.com എന്ന ഇ-മെയിലിലേക്കാണ് അയക്കേണ്ടത്.

തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടത്തുന്ന ബോധവൽക്കരണ ക്യാമ്പെയ്ൻ 'സുരക്ഷ-2018' നു വേണ്ടിയാണ് ലോഗോ രൂപകൽപന ചെയ്യേണ്ടത്. ഒരാൾക്ക് പരമാവധി മൂന്നു ലോഗോ വരെ സമർപ്പിക്കാം. ലോഗോ .jpeg ഫോർമാറ്റിൽ 300dpi റെസൊല്യൂഷനുള്ള 3"x3" സൈസിലുള്ള ഫയലുകളായി abcphotospem@gmail.com എന്ന ഇ-മെയിലിലേക്കാണ് അയക്കേണ്ടത്. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി 2018 ജൂലൈ ഒന്ന്. മത്സരാർത്ഥികൾ അവരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ, പേര്, മേൽവിലാസം, മൊബൈൽ നമ്പർ, ഇ-മെയിൽ അഡ്രസ് സഹിതമാണ് എൻട്രികൾ അയക്കേണ്ടത്. രണ്ടു വിഭാഗത്തിലും എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി 2018 ജൂലൈ ഒന്ന്.

സംസ്ഥാനത്ത് കുടുംബശ്രീ മുഖേന 556 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതുവഴി 16216 തെരുവുനായ്ക്കളെ ഇതിനകം വന്ധ്യംകരിച്ചിട്ടുണ്ട്.

(ഈ വാർത്ത സ്റ്റേറ്റ് പേജിൽ നൽകണമെന്ന് താൽപര്യപ്പെടുന്നു)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ